(ബി) വളർത്തുമൃഗങ്ങളിൽനിന്നും പഴംതീനി വവ്വാലുകളിൽനിന്നുമുള്ള സാമ്പിളുകൾ വൈറസിന്റെ സാന്നിധ്യം തിരിച്ചറിയുന്നതിനായി ഭോപ്പാൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈസെക്യൂരിറ്റി അനിമൽ ഡിസീസ് ലാബിലേയ്ക്ക് അയച്ചിരുന്നു. എന്നാൽ നാളിതുവരെ അയച്ച സാമ്പിളുകളിൽ വൈറസ്ബാധ കണ്ടെത്താൻ സാധിച്ചിട്ടില്ല. വളർത്തുമൃഗങ്ങളിൽ രോഗനിരീക്ഷണം കാര്യക്ഷമമായി നടത്തിവരികയും ചെയ്യുന്നുണ്ട്.

(സി) പഴംതീനി വവ്വാലുകൾ വൈറസ് വാഹകരാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വവ്വാലുകളിൽ നിന്നാണ് പന്നികളിലേയ്ക്ക് വൈറസ് എത്തിപ്പെടുന്നത്. എന്നാൽ നാളിതുവരെ കേരളത്തിൽനിന്നും അയച്ച സാമ്പിളുകളിൽ വവ്വാലുകളിൽ നിപ വൈറസ് ബാധ കണ്ടെത്താൻ സാധിച്ചിട്ടില്ല.

### മൃഗസംരക്ഷണ വകുപ്പിനും ക്ഷീര വികസന വകുപ്പിനും ലഭിച്ച കേന്ദ്ര-സംസ്ഥാന വിഹിതം

136(4105) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി മൃഗ സംരക്ഷണ വകുപ്പിനും ക്ഷീര വികസന വകുപ്പിനും കഴിഞ്ഞ മൂന്ന് വർഷം ലഭിച്ച കേന്ദ്ര-സംസ്ഥാന വിഹിതം സംബന്ധിച്ച വിവരങ്ങൾ പദ്ധതിയും വർഷവും തിരിച്ച് നൽകാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര ഗഡു വീതം ലഭിച്ചിട്ടുണ്ടെന്നും ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

### ക്ഷീരമേഖലയിലെ പ്രവർത്തനങ്ങൾ

137(4106) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിടാരി പാർക്ക് പദ്ധതിയിലൂടെ ഹൈബ്രിഡ് ഇനത്തിൽപ്പെട്ട എത്ര പശുക്കുട്ടികളെ കർഷകർക്ക് നല്കിയെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷീര കർഷകർക്കും കറവമാടുകൾക്കും ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്



LIBRARY ARCHIVES Kerala Legislative Assembly